# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 632 29.06.2011-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് കേന്ദ്ര ഫണ്ട് ലഭ്യമായ ജലപാതകളുടെ വിശദാംശം

ചോദ്യം | ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് എത്ര ജലപാതകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടെന്നും അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ; | എ) സംസ്ഥാനത്ത് നിലവിൽ സംസ്ഥാന ജലപാതയായി കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും പണി ആരംഭിച്ച് വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാത III (NW III) ആയി പണി പൂർത്തീകരിച്ചു വരുന്നു. ഇതിൽ ഉദ്യോഗമണ്ഡൽ കനാൽ, ചമ്പക്കര കനാൽ ഇവയും പെടുന്നു. കൂടാതെ NW III യുമായി ബന്ധിപ്പിച്ച് ഫീഡർ കനാലുകളുടെ പണിയും നടന്നു വരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത ജലപാതകളിൽ എത്രയെണ്ണത്തിന് കേന്ദ്രം ഇതിനകം എത്ര തുക അനുവദിച്ചെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാന ജലപാതയ്ക്കായി 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഏകദേശം 105 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചു വരുന്നു. 13-ാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി സംസ്ഥാന ജലപാതക്കായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) ഇതിൽ ഓരോ ജലപാതയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിച്ച് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | സി) സംസ്ഥാന ജലപാതയുടെ പണി മുമ്പ് തന്നെ ആരംഭിച്ചിട്ടുള്ളതാണ്. ഇത് 13-ാം ധനകാര്യ കമ്മീഷൻ കാലാവധിയിൽ പൂർത്തീകരിക്കാൻ സാധിച്ചേക്കും. ദേശീയ ജലപാത 2012 ഡിസംബറിൽ പൂർത്തിയാക്കാമെന്ന് IWAI അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ഉണ്ട്.